**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3141** **26-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ടി.പി മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിൻറെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത റോഡ് നിർമ്മാണം നിലവിൽ എത്ര ശതമാനം പൂർത്തിയായെന്നും പ്രവൃത്തി സംബന്ധിച്ച് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ കെ.എസ്.റ്റി.പിയുടെ കീഴിൽ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്ന മേൽ പ്രവൃത്തിയിൽ റോഡിന്റെ പുനരുദ്ധാരണം മാത്രമായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ജനപ്രതിനിധികളുടെയും മറ്റും താല്പര്യ പ്രകാരം റോഡിന് വീതി കൂട്ടണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം ഫ്രീ സറണ്ടർ വഴി സ്ഥലം ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ കാലതാമസത്തിന് കാരണമായിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി നിർമ്മാണ സാമഗ്രികൾ ലഭിക്കാത്തതും റോഡിന്റെ FRL മാറ്റം വരുത്തിയതും നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. പിന്നീട് ഫണ്ടിംഗ് ഏജൻസിയായ ജർമ്മൻ ബാങ്കിന്റെ സന്ദർശന വേളയിൽ പുതുതായി സ്ഥലം ഏറ്റെടുക്കേണ്ട എന്ന നിർദ്ദേശം വന്നതുമൂലം പിന്നീട് പുതുതായി സ്ഥലം ഏറ്റെടുക്കുന്നതിനോ റോഡ് വീതി കൂട്ടുന്നതിനോ സാധിച്ചിട്ടില്ല. ഇത് പ്രദേശവാസികളുടെ എതിർപ്പിന് കാരണമാവുകയും വർക്കിന്റെ പുരോഗതിയെ ബാധിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തിയുടെ 81.08 % പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ച് സാധ്യമായ രീതിയിൽ പരിഹരിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് നാളിതുവരെയായി എത്ര രൂപയാണ് നൽകിയതെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ; കെ.എസ്.ടി.പി നിർമ്മാണം നടത്തുന്ന പ്രവൃത്തിയുടെ പുരോഗതിയും റോഡുകളുടെ പ്രശ്നങ്ങളും വിലയിരുത്തുന്നതിനും പരിശോധന നടത്തുന്നതിനും ചുമതലപ്പെടുത്തിയതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി പ്രസ്തുത റോഡ് | (ബി) | നാളിതുവരെ പ്രസ്തുത പ്രവർത്തി ഏറ്റെടുത്ത കരാറുകാരന് 40,78,58,673/- രൂപ നൽകിയിട്ടുണ്ട്. നിലവിൽ കരാറുകാരൻ സമർപ്പിച്ച എല്ലാ ബില്ലുകളും തീർപ്പാക്കിയിട്ടുണ്ട്. പ്രസ്തുത റോഡ് നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അവലോകനം ചെയ്തിട്ടുണ്ട്.RKI പദ്ധതികളുടെ പുരോഗതി വകുപ്പ് മന്ത്രിയും സെക്രട്ടറിയും നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | നിർമ്മാണം സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (സി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതിയും മറ്റ് പരാതികളും പരിശോധിക്കുന്നതിന് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | നാളിതുവരെ പ്രസ്തുത പ്രവർത്തി ഏറ്റെടുത്ത കരാറുകാരന് 40,78,58,673/- രൂപ നൽകിയിട്ടുണ്ട്. നിലവിൽ കരാറുകാരൻ സമർപ്പിച്ച എല്ലാ ബില്ലുകളും തീർപ്പാക്കിയിട്ടുണ്ട്. പ്രസ്തുത റോഡ് നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അവലോകനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ